ന്യൂജനറേഷൻ; തിരുത്തെഴുതുന്ന യൗവനം

**രിസാല സ്റ്റഡി സർക്കിൾ**
**യുവ വികസന സഭയിൽ പ്രസിദ്ധീകരിക്കുന്നത്**

# പ്രവാസി
# അവകാശ രേഖ

risala study circle

The Overseas camaraderie of SSF Kerala

Gulf Council

rscgulf@gmail.com

## ആമുഖം

പ്രവാസികൾ; കാലഭേദങ്ങൾക്കനുസരിച്ച് നിർവചനം മാറിക്കൊണ്ടിരിക്കുന്ന സമൂഹം. സമ്പന്നരും ജീവിത സൗകര്യങ്ങൾ അനുഭവിക്കുന്നവരുമെന്നും എല്ലാ കാലത്തും അവഗണനയും പ്രയാസങ്ങളും വിവേചനവും നേരിടേണ്ടി വരുന്ന സമൂഹമെന്നുമുള്ള വ്യാഖ്യാനങ്ങളുടെ വിധേയർ. മാതൃനാട്ടിൽ നിന്നും വേരറുത്തിടാതെ താത്കാലികമായി മാത്രം പരദേശവാസം നയിക്കുന്ന പ്രവാസികൾ, പൗരർ എന്ന അർഥത്തിലുള്ള അവകാശങ്ങളിൽ നിന്നും പടിക്കു പുറത്തു നിർത്തപ്പെടുന്നു എന്ന വിശകലനത്തെ സാധൂകരിക്കുന്നുണ്ട് ചില വ്യവസ്ഥകൾ.

കാലം മാറുന്നതനുസരിച്ച്, സമൂഹം ആഗോളവത്കരിക്കപ്പെടുന്നതിനൊത്ത് കാഴ്ചപ്പാടുകളിൽ മാറ്റം വരുന്നുണ്ട്. എങ്കിലും ഒരു ഒരു പൗര സമൂഹം എന്ന അർഥത്തിലുള്ള പരിഗണനയുടെ മുറ്റത്തേക്ക് പ്രവാസികൾ ചേർത്തു നിർത്തപ്പെട്ടിട്ടില്ല. ജനാധാപത്യ ഭരണക്രമത്തിൽ നയരൂപവത്കരണം നടത്തുന്ന രാഷ്ട്രീയ മാനിഫെസ്റ്റോകളിലെ പിശകുകളാണ് ഒരു കൊച്ചു സംസ്ഥാനത്തോളം വരുന്ന പ്രവാസി സമൂഹം ഇപ്പോഴും സ്റ്റേറ്റിന്റെ പരിഗണനയിൽ വരുന്ന സമൂഹമാകാതെ പുറത്തു നിർത്തപ്പെടുന്നത്.

എന്നാൽ, സ്വയാർജിത സ്വത്വം പ്രവാസികൾ മുഖ്യധാരയിലേക്കു വരുന്നതിനു വഴികളൊരുക്കിയിട്ടുണ്ട്. അപ്പോഴും പ്രവാസികൾ എന്ന സാമാന്യ പരികൽപനയിൽ പെട്ടുപോകുന്ന വലിയൊരു വിഭാഗം അധസ്ഥിത ജനം പ്രവാസികളുടെ ഇടയിൽ കാഴ്ചപ്പുറത്തു നിന്നു മാറി ഉപജീവനം നടത്തുന്നുണ്ട്. പ്രവാസികളിലെ സാമ്പത്തിക മേൽത്തട്ടും കീഴ്ത്തട്ടും തന്നെയാണ് ഈ വിഭജനത്തിന്റെ അതിർരേഖ. അടിസ്ഥാന വിഷയം പ്രവാസികളുടെ സാമൂഹീകരണവും അതനുസരിച്ച് നാളെകളിലേക്കു നടക്കാനുള്ള കാഴ്ചപ്പാടുമാണ്.

രിസാല സ്റ്റഡി സർക്കിൾ ഗൾഫ് സമ്മിറ്റിൽ ചർച്ച ചെയ്ത പ്രവാസികളുടെ ജീവിതാവസ്ഥകളിൽ നിന്ന് രൂപപ്പെടുത്തിയ അവകാശരേഖ പ്രവാസി സമൂഹത്തിന്റെയും പ്രവാസി സമൂഹം പരിഗണിക്കപ്പെടേണ്ട ഭരണ, രാഷ്ട്രീയ, സാമൂഹിക മണ്ഡലത്തിന്റെയും മുന്നിൽ വെക്കുന്നു.

**ജനറൽ കൺവീനർ**
ആർ എസ് സി ഗൾഫ് കൗൺസിൽ



### പ്രവാസി സമൂഹം (കമ്യൂണിറ്റി)

പ്രവാസി ഇന്ത്യക്കാരെ അഥവാ തൊഴിൽ ആവശ്യാർഥം വിദേശ രാജ്യങ്ങളിൽ വന്ന് ജീവിക്കുന്നവരെ പ്രത്യേക സമൂഹമായി അംഗീകരിക്കാൻ സർക്കാറും ഇന്ത്യൻ പൗരസമൂഹവും തയാറാകണം. ഈ ദിശയിലുള്ള രാഷ്ട്രീയ ചർച്ചകൾക്ക് പ്രസക്തിയുണ്ട്.

ജാതി, മത, ഭാഷാ ന്യൂനപക്ഷങ്ങൾ സമൂഹമായി അംകീകരിക്കപ്പെട്ടതു പോലെയാണ് വിദേശരാജ്യങ്ങളിൽ ജോലി ചെയ്യുന്ന സമൂഹം അംഗീകരിക്കപ്പെടേണ്ടത്. ഇപ്രകാരം അംഗീകരിക്കപ്പെടുന്ന രാഷ്ട്രീയ സാഹചര്യം പ്രവാസിക്കു നൽകുന്ന പരിഗണന ഒരു സ്റ്റേറ്റിനെ സംബന്ധിച്ച് അതിപ്രധാനമായി കരുതുന്നു. സമൂഹം എന്ന നിലയിൽ അംഗീകരിക്കപ്പെടുമ്പോൾ മാത്രമായിരിക്കും പ്രവാസികളുടെ ജീവിതവുമായി ബന്ധപ്പെട്ട സമസ്ത മേഖലകളും സംബോധന ചെയ്യപ്പെടുകയും പരിഹരിക്കപ്പെടുന്നതിനുള്ള അവസരം സൃഷ്ടിക്കപ്പെടുകയും ചെയ്യുക എന്നു കരുതുന്നു. ജനാധിപത്യ രീതിയിൽ തിരഞ്ഞെടുപ്പിലൂടെ അധികാരത്തിൽ വരുന്ന ഭരണ വ്യവസ്ഥ നിലനിൽക്കുന്ന രാഷ്ട്രത്തിൽ ഒരു സമൂഹം എന്ന നിലയിലുള്ള പരിഗണനക്ക് വർധിത പ്രാധാന്യം കൈവരുമെന്നതു തീർച്ച. കക്ഷിരാഷ്ട്രീയ കാഴ്ചപ്പാടുകളിൽ വിഭജിക്കപ്പെട്ടതാണ് ഈ സമൂഹം എങ്കിൽ കൂടി അതു ഫലപ്രദമായിരിക്കും. പാർട്ടികളുടെ പരിഗണനയിലും അതിനു സ്വാധീനമുണ്ടാകും.

പ്രവാസികൾ സമൂഹമായി അംഗീരിക്കപ്പെടുമ്പോൾ നിയമനിർമാണ സഭകളിലും അധികാര വികേന്ദ്രീകരണത്തിന്റെ അവകാശി സമൂഹത്തിലുമെല്ലാം പ്രവാസി പരിഗണിക്കപ്പെടുകയോ പ്രതിനിധീകരിക്കപ്പെടുകയോ വേണ്ടതുണ്ടെന്ന കാഴ്ചപ്പാടുകൂടി ഉയർന്നു വരും. രണ്ടു പാർലിമെന്റ് മണ്ഡലത്തോളവും 14 നിയമസഭാ മണ്ഡലത്തോളവും ജനസംഖ്യയുള്ള ഒരു സമൂഹമാണ് പ്രവാസികൾ എന്നത് സാമൂഹികീകരണത്തിന്റെ പ്രാധാന്യം വർധിപ്പിക്കുന്നു.

### സ്റ്റേറ്റിന്റെ പരിഗണന

പ്രവാസികളെ പ്രവാസി വകുപ്പിന്റെ പരിഗണനയിൽ മാത്രം ചേർത്തു നിർത്തപ്പെടുന്ന സാഹചര്യം ഒരു സമൂഹം എന്ന നിലയിലുള്ള വിശാല താത്പര്യങ്ങൾക്ക് തടസം സൃഷ്ടിക്കുന്നുണ്ട്. പ്രവാസി സമൂഹത്തിന്റെ സമസ്ത മേഖലകളിലേക്കും സ്റ്റേറ്റ് ശ്രദ്ധ പതിപ്പിക്കുന്ന സ്ഥിതിയുണ്ടാകേണ്ടതുണ്ട്. തൊഴിൽ, വിദ്യാഭ്യാസം, സാമൂഹികക്ഷേമം, വ്യവസായം, ആഭ്യന്തരം തുടങ്ങിയ മന്ത്രാലയങ്ങൾക്കെല്ലാം പ്രവാസി സമൂഹത്തിന്റെ നിത്യജീവിതവുമായി ബന്ധപ്പെട്ടു തന്നെ ഇടപെടാനുണ്ട്. എന്നാൽ പ്രവാസി സമൂഹത്തിന്റെ ഈ സാഹചര്യങ്ങളെ സർക്കാറുകളോ വകുപ്പുകളോ വിശാലാർഥത്തിൽ പരിഗണിച്ചു കാണുന്നില്ല. അതു കൊണ്ടു തന്നെ പ്രവാസി വകുപ്പിന്റെ കേവല പരിഗണനയിലേക്കു നീക്കി നിർത്തപ്പെടുന്ന പ്രവാസികൾക്ക് പൗരൻ എന്ന അർഥത്തിലുള്ള സാമൂഹിക പരിഗണന ലഭിക്കാതെ പോകുന്നു. ഗൾഫു നാടുകളിൽ വന്ന് രാജ്യാന്തര സമൂഹത്തോടു ചേർന്ന് വിവിധ തൊഴിൽ, വ്യവസായ, ഭരണ രംഗങ്ങളിലും ആശയവിനിമയത്തിലും അവഗാഹം നേടുന്ന പ്രവാസികളുടെ മനുഷ്യവിഭവം രാജ്യത്തിനു വേണ്ടി പ്രയോഗിക്കുന്നതിലും സ്റ്റേറ്റിന് താത്പര്യമുണ്ടാകണം.

**രാഷ്ട്രീയ നയരൂപത്കരണം**

രാഷ്ട്രത്തിന്റെ നിർമാണ, ഭരണ പ്രക്രിയക്കു നേതൃത്വം നൽകുന്ന ഇന്ത്യയിലെ രാഷ്ട്രീയ സംവിധാനം ജനാധിപത്യ രീതിയോടു ചേർന്നു രൂപപ്പെട്ടു വന്നതിനാൽ രാഷ്ട്രീയ പാർട്ടികളെ ആശ്രയിച്ചിരിക്കുന്നു. അതുകൊണ്ടു തന്നെ പ്രവാസി സമൂഹത്തെ സംബോധന ചെയ്യുന്നതിലും പരിഗണിക്കുന്നതിലും സർക്കാറുകളുടെ നയം രൂപപ്പെടുക ഭരണത്തിനു നേതൃത്വം നൽകുന്നവരും നിയമനിർമാണ സഭകളിൽ പ്രതിനിധീകരിക്കുന്നവരുമായ പാർട്ടികളുടെ നിലപാടുകളുടെ അടിസ്ഥാനത്തിലാണ്. അപ്പോൾ പാർട്ടികൾക്ക് പ്രവാസികളെ സംബന്ധിക്കുന്ന നയം ഉണ്ടായിരിക്കണം. ദൗർഭാഗ്യവശാൽ ദേശീയ രാഷ്ട്രീയ പാർട്ടികളുടെ പ്രവാസി നയം സമ്പന്നമോ സുതാര്യമോ അല്ല. പ്രവാസി സമൂഹത്തെ രേഖാപരമായി പരാമർശിക്കുക പോലും ചെയ്യാത്ത പാർട്ടി മാനിഫെസ്റ്റോകളും നയരേഖകളുമാണ് മുഖ്യരാഷ്ട്രീയ പാർട്ടികളുടെതും. ഈ അവസ്ഥക്ക് കാതലായ മാറ്റം വരണം.

**സാമൂഹിക വികസനം**

ബഹുമുഖ രംഗങ്ങളിൽ മികവുകളുള്ള വലിയ സമൂഹമാണ് പ്രവാസലോകത്തുള്ളത്. ഫലപ്രദമായി വിനിയോഗിച്ചാൽ നാടിന് വലിയ ഫലം ചെയ്യുന്നതായിരിക്കും ഈ സമൂഹം. സാമൂഹിക വികസനം ലക്ഷ്യം വെച്ച് പ്രവാസി സമൂഹത്തിൽ സർക്കാറുകൾ ഇടപെടുന്നില്ല. പ്രവാസി സമൂഹത്തെ പരിഗണിക്കുന്നതിലും കൈകാര്യം ചെയ്യുന്നതിലും കൊണ്ടുവരേണ്ട വൈവിധ്യവത്കരണത്തിലേക്ക് സ്റ്റേറ്റിന്റെ ശ്രദ്ധ കൂടുതൽ ഉണ്ടാകേണ്ടത് ഇതിലൂടെയും ബോധ്യപ്പെടുന്നു.

പൗര സമൂഹം എന്ന നിലയിൽ പ്രവാസി സമൂഹത്തെ ക്രിയാത്മകമായി ഉപയോഗിക്കുന്നതിലും പ്രവാസി ഇന്ത്യക്കാരിലെ പ്രധാന ഭാഷാ വിഭാഗം എന്ന നിലയിലും മലയാളി കമ്യൂണിറ്റിയെ ഏകോപിപ്പിക്കുന്നതിൽ സർക്കാർ സംവിധാനങ്ങൾ ശ്രദ്ധ കേന്ദ്രീകരിച്ചിട്ടില്ല. രാഷ്ട്രീയ, സംസ്കാര വൈവിധ്യങ്ങളിലും ഒരു സംസ്ഥാനത്തെ, ഭാഷാ ഐക്യ സമൂഹം എന്ന നിലയിൽ മലയാളി സമൂഹം രൂപപ്പെടുത്തപ്പെട്ടിട്ടില്ല. മലയാളി സമൂഹം എന്നാൽ വിവിധ രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക സംഘങ്ങൾക്കൊപ്പം ചേർക്കപ്പെട്ട സമൂഹമാണ്. ഒരു സ്റ്റേറ്റിനാൽ പ്രവാസി സമൂഹം ഏകോപിപ്പിക്കപ്പെടുന്നില്ല.

**പ്രവാസി യുവത്വം**

കേരള സർക്കാറിനു വേണ്ടി സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസ് (സി ഡി എസ്) നടത്തിയ പഠനം അനുസരിച്ച് പ്രവാസി മലയാളികളിൽ 80 ശതമാനം പേരും 24നും 40നും മധ്യേ പ്രായമുള്ള യുവാക്കളാണ്. എന്നാൽ പ്രവാസി സമൂഹത്തിലെ യുവ മനുഷ്യവിഭവങ്ങൾ ഈയർഥത്തിൽ സംബോധന ചെയ്യപ്പെടുകയോ പരിഗണിക്കപ്പെടുകയോ ചെയ്യുന്നില്ല.

അഭ്യസ്ഥവിദ്യരും സാങ്കേതിക മികവുകൾ കൈവരിച്ചവരുമായ ഈ സമൂഹത്തിന്റെ ബൗദ്ധിക ഊർജം നാടിനു വേണ്ടി വിനിയോഗിക്കുകയും സാമ്പത്തികവും രാഷ്ട്രീയവുമായ നിർമാണ പ്രക്രിയയിൽ ഭാഗവാക്കുകയും വേണ്ടതുണ്ട്. ഈയർഥത്തിൽ രാഷ്ട്രീയ നയരൂപവ്തകരണത്തിലും സ്റ്റേറ്റിന്റെ പരിഗണനയിലും പ്രവാസികളിലെ യുവത്വം പ്രത്യേകമായി തന്നെ ഉൾപെടേണ്ടതുണ്ട്.

**തൊഴിൽ രംഗം**

ഗൾഫിലേക്കു തൊഴിൽ തേടി നിരവധി മലയാളികൾ വന്നു കൊണ്ടിരിക്കുന്നു. ഗൾഫ് രാജ്യങ്ങൾക്കകത്തു തന്നെ നിരവധി പേർ തൊഴിൽ മാറുകയും പുതിയ ജോലി തേടുകയും ചെയ്യുന്നു. ഈ രംഗത്ത് ഒരു കമ്യൂണിറ്റിയുടെ വികസനം ലക്ഷ്യം വെച്ച് മലയാളി സമൂഹത്തിന് സാധിക്കുമായിരുന്ന സംയോജനം സാധ്യമായിട്ടില്ല. സന്നദ്ധ സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയെ ഏകോപിപ്പിച്ചും സഹകരിപ്പിച്ചും കേന്ദ്രീകൃത തൊഴിൽ സേവന ദാതാക്കളാകാനും റിക്രൂട്ട്മെന്റ് സഹായ സെൽ ആയി പ്രവർത്തിക്കാനും സ്റ്റേറ്റിന്റെ ആസൂത്രിത ഇടപെടലുകൾക്കു സാധിക്കും. തൊഴിൽ വകുപ്പിന്റെ പ്രവർത്തനം ഗൾഫ് സമൂഹത്തിലേക്കു വികസിപ്പിക്കുക വഴി ഈ മേഖലയിൽ ഗുണപരമായി തന്നെ പ്രവർത്തിക്കാനോ പ്രവർത്തനം ഏകോപിപ്പിക്കാനോ കഴിയും.

**തൊഴിൽ സുരക്ഷിതത്വം**

ഗൾഫുനാടുളിൽ തൊഴിലിനായി എത്തുന്നവരുടെ തൊഴിൽ സുരക്ഷിതത്വം സംബന്ധിച്ച് കേന്ദ്ര സർക്കാർ കൂടുതൽ നടപടികൾ സ്വീകരിക്കണം. തൊഴിലിടങ്ങളിലെ സുരക്ഷിതത്വം, ശമ്പളമുൾപെടെയുള്ള അവകാശങ്ങൾ ലഭിക്കുന്നുവെന്ന് ഉറപ്പു വരുത്തുന്നവിധം വിദേശ രാജ്യങ്ങളുമായി സഹകരണ കരാറിൽ എത്തണം. വീട്ടുജോലിക്കാരുടെ സുരക്ഷിതത്വത്തിനായി ഉണ്ടാക്കിയ കരാറുകൾ ഫലം ചെയ്തിട്ടുണ്ട്.

**പ്രവാസികളിലെ ദരിദ്രർ**

ഗൾഫുകാർ എന്ന പൊതു വിശേഷണത്തിന്റെ പരിധിയിൽ വന്നു എന്ന കാരണത്താൽ സാമ്പത്തികമായി മേൽതട്ടിലേക്ക് മാറ്റി നിർത്തുകയും സർക്കാർ തലത്തിൽ ആനുകൂല്യങ്ങൾ നിഷേധിക്കുകയും ചെയ്യുന്ന സാഹചര്യം നിലനിൽക്കുന്നു. എ പി എൽ, ബി പി എൽ വിഭജനവും ഇതുവഴി നിശ്ചയിക്കുന്ന സർക്കാർ പരിഗണനകളും തന്നെയാണ് മുഖ്യവിഷയം. വളരെ ചെറിയ ശമ്പളത്തിന് ജോലി ചെയ്യുകയും നാട്ടിൽ കൂലിപ്പണി ചെയ്യുന്നവർക്കു ലഭിക്കുന്നതിനേക്കാൾ കുറഞ്ഞ ശമ്പളം പറ്റുകയും ചെയ്യുന്ന നിരവധിയാളുകൾ ഗൾഫ് നാടുകളിൽ ജീവിക്കുന്നുവെന്നത് അനിഷേധ്യമായ വസ്തുതയാണ്.

ഈ അവസ്ഥ പരഹിരിക്കുന്നതിനായി പ്രവാസികൾക്കിടയിൽ സുതാര്യമായ മാനദണ്ഡങ്ങൾ ഉപയോഗിച്ച് സർവേ നടത്തുകയും സാമ്പത്തികമായി പിറകിൽ നിൽക്കുന്നവരെ ബി പി എൽ വിഭാഗത്തിൽ ഉൾപെടുത്തുകയും വേണം. ഇതനുസരിച്ച് സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന പ്രവാസികൾക്ക് സർക്കാർ ആനുകൂല്യം ലഭിക്കുന്ന സാഹചര്യവുമൊരുക്കേണ്ടതുണ്ട്.

**പ്രവാസി സർവകലാശാല**

ലോകത്തു തന്നെ വലിയ പ്രവാസി സമൂഹം ഇന്ത്യക്കാരാണ്. ഈയർഥത്തിൽ പ്രവാസി യൂനിവേഴ്സിറ്റി എന്ന സംരംഭത്തിന് വലിയ പ്രസക്തിയുണ്ട്. പ്രവാസി

യൂനിവേഴ്സിറ്റി എന്ന ആശയം സർക്കാർ പ്രഖ്യാപിച്ച് വർഷങ്ങൾ പിന്നിട്ടുവെങ്കിലും ആരംഭിക്കാൻ നടപടികളായിട്ടില്ല. പ്രവാസി വിദ്യാർഥികൾക്ക് സീറ്റ് സംവരണം ലഭിക്കുന്നതും ഇന്ത്യൻ പ്രവാസി സമൂഹത്തെ അടയാളപ്പെടുത്തുന്നതുമായ പ്രവാസി സർവകലാശാല യാഥാർഥ്യമാക്കാൻ കേന്ദ്ര സർക്കാർ സന്നദ്ധമാകേണ്ടതുണ്ട്. പ്രവാസി ഇന്ത്യക്കാരിലെ വലിയ വിഭാഗം കേരളീയരാണെന്നതിനാൽ പദ്ധതി കേരളത്തിലേക്കു കൊണ്ടുവരാൻ സംസ്ഥാന സർക്കാർ ശ്രദ്ധിക്കണം. ഇന്ത്യക്കാർ തൊഴിൽ പ്രവാസത്തിനു തിരഞ്ഞെടുക്കുന്ന രാജ്യങ്ങളിലെ രീതികളും തൊഴിൽ സാധ്യതകളും പഠനവിധേയമാക്കിക്കൊണ്ടുള്ള കരിക്കുലങ്ങൾക്ക് പ്രവാസി സർവകലാശാലയിൽ പ്രധാന്യം ഉണ്ടാകണം. പഠനം പൂർത്തിയാക്കാതെ പ്രവാസം തിരഞ്ഞെടുക്കേണ്ടി വന്നവർക്ക് ഉപരിപഠനം നടത്തുന്നതിനുള്ള പ്രത്യേക കോഴ്സുകളും സർവകലാശാല പ്രത്യേകമായി നടപ്പിലാക്കേണ്ടതുണ്ട്.

### ഇന്ത്യൻ വിദ്യാർഥികൾ/സ്കൂളുകൾ

ലക്ഷക്കണക്കിനു ഇന്ത്യൻ കുടുംബങ്ങൾ വിദേശ രാജ്യങ്ങളിൽ കഴിയുന്നു. ഇതിൽ ബഹുഭൂരിഭാഗവും ഗൾഫ് നാടുകളിലാണ്. ഈ കുടുംബങ്ങളോടൊപ്പം കഴിയുന്ന ആയിരക്കണക്കിനു കുട്ടികളാണ് ഗൾഫ് നാടുകളിൽ പ്രൈമറി, സെക്കൻഡറി, ഹയർ സെക്കൻഡറി വിദ്യാഭ്യാസം നടത്തുന്നത്. ധാരാളം ഇന്ത്യൻ സ്കൂളുകൾ ഗൾഫ് നാടുകളിൽ പ്രവർത്തിക്കുന്നു. എങ്കിലും പല പ്രധാന നഗരങ്ങളിലും പ്രവാസി ഇന്ത്യക്കാരുടെ കുട്ടികൾക്ക് പഠനാവസരം ഒരുക്കാൻ പര്യാപ്തമായ സ്കൂളുകൾ പ്രവർത്തിക്കുന്നില്ലെന്ന് ഈ അധ്യയന വർഷവും തെളിയിക്കുന്നു.

പ്രവാസി വിദ്യാർഥികളുടെ വിദ്യാഭ്യാസത്തിൽ സർക്കാറുകൾക്ക് ഉത്തരവാദിത്തം ഉണ്ടാകുന്നില്ല. ഇന്ത്യയിൽ പ്രാഥമിക വിദ്യാഭ്യാസം നിർബന്ധിതവും സൗജന്യവുമായി നിലനിൽക്കുമ്പോൾ തൊഴിൽ ആവശ്യാർഥം വിദേശത്തു വന്നു കഴിയുന്ന കുടുംബങ്ങളിലെ കുട്ടികൾക്ക് മൗലികവും നിലവാരമുള്ളതും ചൂഷണരഹിതവുമായ വിദ്യാഭ്യാസം നേടുന്നതിനുള്ള സംവിധാനമൊരുക്കുന്നതിനും ഗൾഫ് നാടുകളിൽ പ്രവർത്തിക്കുന്ന ഇന്ത്യൻ സ്കൂളുകളെ നിരീക്ഷിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നതിനും സംവിധാനമുണ്ടാകണം. വിദേശ രാജ്യങ്ങളിലെ വിദ്യാഭ്യാസ നിയമങ്ങൾക്കു വിധേയമായി തന്നെ സ്കൂളുകളുടെ പ്രവർത്തനത്തെ ഏകോപിപ്പിക്കുന്നതിനും നിയന്ത്രണത്തിൽ കൊണ്ടു വരുന്നതിനും നടപടികളുണ്ടാകേണ്ടതുണ്ട്.

### ഉപരിപഠനം

പ്രവാസികളായ വിദ്യാർഥികൾ വലിയ പ്രതിസന്ധി നേരിടുന്നത് ഉപരിപഠനത്തിനാണ്. ഹയർ സെക്കൻഡറി വരെയുള്ള പഠനം ഗൾഫിൽ നിലനിൽക്കുന്ന സ്കൂളുകളുടെ ഭാഗമായി പൂർത്തീകരിക്കപ്പെടുന്നു. ചിലരെങ്കിലും പത്താം തരം കഴിഞ്ഞ് ഹയർ സെക്കൻഡറി പഠനത്തിനായി നാടു തിരഞ്ഞെടുക്കുന്നു. ഗൾഫിലെ വിദ്യാഭ്യാസത്തിന്റെ തുടർച്ചയായി ബിരുദപഠനത്തിനു ശ്രമിക്കുന്നവരാണ് ശരിയായ ഗൈഡൻസ് ലഭിക്കാതെയും നിലവാരമുള്ള സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കാതെയും പ്രയാസത്തിലാകുന്നത്. എൻ ആർ ഐ ആണെന്ന പരിഗണനയിൽ സ്ഥാപനങ്ങൾ നടത്തുന്ന സാമ്പത്തിക ചൂഷണം വേറേയും. പ്രവാസി വിദ്യാർഥികളുടെ ഉപരിപഠനം സുരക്ഷിതമാക്കുന്നതിന് സംവിധാനങ്ങളുണ്ടാകേണ്ടതുണ്ട്. സർക്കാർ സ്ഥാപനങ്ങളിലെ സീറ്റുകൾ കൊണ്ടു മാത്രം പരിഹരിക്കാവുന്നതല്ല ഉപരിപഠനം എന്നതിനാൽ കുട്ടികളെ ശരിയായ മാർഗനിർദേശത്തിന്റെ അടിസ്ഥാനത്തിൽ നിലവാരമുള്ള സ്ഥാപനങ്ങൾ തിരഞ്ഞെടുക്കുന്നതിന് സർക്കാർ തലത്തിൽ സംവിധാനം ഉണ്ടാകേണ്ടതുണ്ട്.

### പി എസ് സി സെന്ററുകൾ

സാഹചര്യങ്ങൾ ഗൾഫിലേക്കു പറഞ്ഞയച്ച വലിയൊരു വിഭാഗം അഭ്യസ്ഥവിദ്യരായ യുവാക്കളും നാട്ടിൽ സർക്കാർ ജോലിക്കു ശ്രമിക്കുന്നവരും ജോലി ലഭിച്ചാൽ തിരിച്ചു പോകാൻ സന്നദ്ധരുമാണ്. എന്നാൽ പി എസ് സി പരീക്ഷയുൾപെടെയുള്ള കടമ്പകൾ കടക്കാനുള്ള സാങ്കേതിക പ്രയാസം അധിക പേരെയും സങ്കടത്തിലാക്കുന്നു. ഇത് മികച്ച ഉദ്യോഗാർഥികളെ കേരളത്തിന് നഷ്ടപ്പെടുന്നതിനും ഇടയാക്കുന്നുണ്ട്. ഇതിനു പരിഹാരമായി പി എസ് സി പരീക്ഷാ സെന്ററുകൾ ഗൾഫ് രാജ്യങ്ങളിൽ ആരംഭിക്കണം. ഓൺലൈൻ പരീക്ഷ പി എസ് സി പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും പ്രാവർത്തികമായിട്ടില്ല. മുഴുവൻ വിഭാഗങ്ങളിലും ഓൺലൈൻ പരീക്ഷക്ക് അവസരം ഒരുക്കണം. പ്രവാസി ആയാൽ സർക്കാർ ജോലി അടഞ്ഞ അധ്യായമെന്ന നിലവിലെ അവസ്ഥക്ക് മാറ്റം വരാൻ ഇതിലൂടെ സാധിക്കും. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് റജിസ്റ്റർ ചെയ്യുന്നതിനുള്ള വെരിഫിക്കേഷൻ നടപടികളും ഗൾഫ് നാടുകളിൽ വെച്ചു തന്നെ പൂർത്തിയാക്കാവുന്ന സംവിധാനം ഏർപെടുത്തേണ്ടതുണ്ട്.

### തുല്യത/വിദൂരപഠനം

പഠനം പൂർത്തീകരിക്കുന്നതിനു മുമ്പ് ഗൾഫിലേക്ക് വരാൻ നിർബന്ധിക്കപ്പെട്ട നല്ലൊരു ശതമാനം പ്രവാസി യുവാക്കൾ ഗൾഫ് നാടുകളിലുണ്ട്. രിസാല സ്റ്റഡി സർക്കിൾ നടത്തിയ പഠനവും ഇതു തെളിയിക്കുന്നു. മതിയായ വിദ്യാഭ്യാസയോഗ്യതകൾ ഇല്ലാത്തതിനാൽ തൊഴിലിൽ ഉയർച്ച കൈവരിക്കാൻ കഴിയാത്തവരുടെ അനുഭവങ്ങളും നിരവധിയാണ്. ഈ സാഹചര്യം കണക്കിലെടുത്ത് പ്രവാസി യുവാക്കളുടെ ഉപരിപഠനത്തിനും പഠന പൂർത്തീകരണത്തിനും സർക്കാറും പ്രവാസി സന്നദ്ധ സംഘടനകളും പ്രത്യേക പരിഗണന നൽകേണ്ടതുണ്ട്.

കാലിക്കറ്റ് സർവകലാശാലയുടെ വിദൂര കോഴ്സുകൾക്ക് അവസരം സൃഷ്ടിച്ചിരുന്ന അംഗീകൃത കേന്ദ്രങ്ങൾ അടുത്തിടെ കേരള ഹൈകോടതി വിധിയെത്തുടർന്ന് നിർത്തലാക്കി. വിവിധ ഗൾഫ് നാടുകളിൽ പ്രവർത്തിച്ചിരുന്ന സെന്ററുകളിൽ റജിസ്റ്റർ ചെയ്ത് പഠനം നടത്തിയിരുന്ന നൂറു കണക്കിനു പ്രവാസി വിദ്യാർഥികളുടെ പഠനഭാവി ഇതിലൂടെ പ്രതിസന്ധിയിലായി. യൂനിവേഴ്സിറ്റിയുടെയും സർക്കാറിന്റെയും ഭാഗത്തു നിന്ന് ഈ വിഷയത്തിൽ ഫപ്രദമായ ഇടപെടൽ ഉണ്ടായിട്ടില്ല. സമാന്തര വിദ്യാഭ്യാസത്തിനുള്ള അടിയന്തരവും പ്രായോഗികവുമായ പദ്ധതി സർക്കാർ തലത്തിൽ ആവിഷ്കരിക്കേണ്ടതുണ്ട്. എസ് എ

സ് എൽ സി പൂർത്തിയാക്കാത്തവരായി തന്നെ നിരവധി പേർ ഗൾഫ് നാടുകളിലുണ്ട്. ഇവർക്കായി പഠന സൗകര്യമേർപ്പെടുത്താൻ സന്നദ്ധ സംഘടനകൾ രംഗത്തു വന്നുവെങ്കിലും പത്തിരട്ടിയിലധികം ഫീസ് വാങ്ങിയുള്ള ചൂഷണമാണ് സർക്കാർ നടത്തുന്നത്. പ്രവാസി വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട ചില നിർദേശങ്ങൾ താഴെ.

1. യൂനിവേഴ്സിറ്റി ബിരുദ, ബിരുദാനന്തര പഠനത്തിന് പ്രത്യേക കരിക്കുലവും അധ്യയന വർഷവും അടിസ്ഥാനപ്പെടുത്തിയുള്ള വിദൂര പഠന സൗകര്യം
2. തുല്യതാ പഠന കേന്ദ്രങ്ങൾ ഗൾഫിൽ വ്യാപകമാക്കുകയും കുറഞ്ഞ ഫീസിൽ പഠനവും പരീക്ഷയും ഒരുക്കുക
3. സാങ്കേതികമേഖലയിൽ പ്രവർത്തിക്കുന്നവർക്ക് പ്രവൃത്തി പരിചയ പരിശോധനയുടെ അടിസ്ഥാനത്തിൽ അംഗീകൃത സർട്ടിഫിക്കറ്റുകൾ അനുവദിക്കുക. ഈ വിഭാഗത്തിന് ഹ്രസ്വകാല കോഴ്സുകൾ നടത്തുക.
4. വിദ്യാഭ്യാസ വകുപ്പിനു കീഴിൽ പ്രവാസി വിദ്യാഭ്യാസത്തിനു പ്രത്യേക വിഭാഗവും പദ്ധതിയും ആവിഷ്കരിക്കുക. യുവാക്കളുടെ പഠനത്തിന് പ്രാധാന്യം നൽകുക.

### പ്രവാസി ഡാറ്റാ ബേങ്ക്

പ്രവാസി ഇന്ത്യൻ സമൂഹത്തിന്റെ കൃത്യമായ കണക്കുകൾ സർക്കാർ വശം ലഭ്യമല്ല. വിദേശങ്ങളിലെ നയതന്ത്ര കാര്യാലയങ്ങളിലും വിവരം ലഭ്യമല്ല. വിദേശ രാജ്യങ്ങളിലെ എംബസി, കോൺസുലേറ്റുകൾ വഴി റജിസ്ട്രേഷന് സൗകര്യം ഏർപെടുത്തിയിട്ടുണ്ടെങ്കിലും പത്തു ശതമാനം പേർ പോലും ഇതുവരെ റജിസ്റ്റർ ചെയ്തിട്ടില്ല. പൗരൻമാർ എന്ന നിലയിൽ പ്രവാസികളുടെ കണക്കുകൾ ശേഖരിക്കാൻ സ്വമേധയാ ഉള്ള റജിസ്ട്രേഷൻ നടപടി മാത്രം പര്യാപ്തമാകില്ല. ചില നിർദേശങ്ങൾ

1. വിദേശത്തു വന്നിറങ്ങുന്ന ഇന്ത്യക്കാരുടെ വിസ, തൊഴിൽ വിവരങ്ങൾ സഹിതം നയതന്ത്ര കാര്യാലയങ്ങൾക്കു കൈമാറാൻ വിദേശ രാജ്യങ്ങളുമായി ഇന്ത്യ വിവര കൈമാറ്റ കരാറിലെത്തുക.
2. ഇന്ത്യയിൽ നിന്നു തൊഴിൽ വിസയിൽ പുറം രാജ്യങ്ങളിലേക്കു പോകുന്നവരുടെ വിവരങ്ങൾ പ്രത്യേക ഫോമിൽ ഇമിഗ്രേഷൻ വിഭാഗം വഴി ശേഖരിച്ച് ജനറൽ ഡാറ്റയിൽ മെർജ് ചെയ്യുക.
3. വിദേശ രാജ്യങ്ങളിൽ നിന്നും തിരിച്ചു വരുന്നവരുടെ വിവരങ്ങളും ശേഖരിച്ച് ഡാറ്റ കൃത്യമാക്കുക.

### പ്രതിനിധി കാര്യാലയങ്ങൾ

സന്നദ്ധ സംഘടനകളെ പ്രയോജനപ്പെടുത്തി ഗൾഫ് രാജ്യങ്ങളിലെ പ്രദേശങ്ങളിൽ നോർക്ക റൂട്ട്സിന്റെ പ്രതിനിധി കാര്യാലയം തുറക്കേണ്ടതുണ്ട്. കേരള സർക്കാറുമായി സാധാരണ പ്രവാസി സമൂഹത്തിന് സമ്പർക്കം പുലർത്തുന്നതിന് നിലവിൽ സംവിധാനങ്ങളുടെ അപാര്യാപ്തത നില നിൽക്കുന്നുണ്ട്.

ഗവൺമെന്റ് ഓഡിനൻസുകളും അവകാശങ്ങളും വിശിഷ്യാ പ്രവാസി സമൂഹവുമായി ബന്ധപ്പെട്ട വിഷയങ്ങൾ സാധാരണ പ്രവാസി സമൂഹത്തിനു അറിയേണ്ടതുണ്ട്. ഗൾഫ് നാടുകളിൽ ആധികാരികമായി പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകളുടെ സേവനം ഉപയോഗപ്പെടുത്തി സർക്കാറുകളുടെ പ്രതിനിധി സംവിധാനം ഏർപെടുത്തേണ്ടത് അനിവാര്യതയാണ്.

### സാമൂഹികക്ഷേമം

ഇന്ത്യൻ നയതന്ത്ര കാര്യാലയങ്ങൾ നടപ്പിലാക്കുന്ന സാമ്പത്തിക ഭൗതിക സഹായങ്ങളെക്കുറിച്ച് ഭൂരിഭാഗം പ്രവാസികളും അജ്ഞരാണ്. നയതന്ത്ര കാര്യാലയങ്ങൾക്ക് മുഴുവൻ പ്രവാസി സമൂഹങ്ങളിലേക്കും എത്തുന്നതിലെ പ്രയാസമാണ് പ്രധാനകാരണം. പ്രവാസി ഇന്ത്യക്കാരിലെ വലിയ സമൂഹം എന്ന നിലയിൽ മലയാളികളുടെ ക്ഷേമത്തിൽ കേരളം പ്രത്യേക ശ്രദ്ധ പുലർത്തി സാമൂഹിക ക്ഷേമ പദ്ധതികളുടെ ആനുകൂല്യം സംഘടിപ്പിക്കുന്നതിൽ ശ്രദ്ധ പതിപ്പിക്കണം. സാമൂഹികക്ഷേമ രംഗത്തു പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകളുടെയും സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും ഇതുവഴി സാധിക്കണം.

### നിക്ഷേപം/വ്യവസായം

പ്രാവാസികളുടെ സുരക്ഷിതമായ ധനനിക്ഷേപം ഇനിയും കൃത്യതയിലെത്തിയിട്ടില്ല. നിക്ഷേപം സമാഹരിക്കുന്നതിനായി വിവിധ പദ്ധതികൾ സർക്കാർ തലത്തിലും സ്വകാര്യ, പൊതുമേഖലാ സാമ്പത്തിക വ്യവസായ സ്ഥാപനങ്ങളാലും ഉണ്ടാകുന്നുവെങ്കിലും സ്ഥിര സ്വഭാവമോ സുരക്ഷിതത്വമോ ഉണ്ടാകുന്നില്ല. സ്റ്റേറ്റിന് സാമ്പത്തിക പിന്തുണ നൽകുന്നതിൽ വലിയ പങ്കു വഹിക്കുന്നത് പ്രവാസികൾ അയക്കുന്ന പണമാണ് എന്ന കണക്കുകൾ നിലനിൽക്കുമ്പോഴും പ്രവാസികളുടെ ധനത്തെ കേന്ദ്രീകരിപ്പിക്കുന്നതും ക്രിയാത്മകമാക്കുന്നതുമായ പദ്ധതി എടുത്തു പറയാനില്ല. ഇടതു സർക്കാർ ആവിഷ്കരിച്ച ഇസ്ലാമിക് ബേങ്കിംഗ് പദ്ധതി ഈ രംഗത്ത് പ്രതീക്ഷ നൽകി. എന്നാൽ പ്രാവർത്തികമായില്ല. പ്രവാസികളെ കേന്ദ്രീകരിച്ചുള്ള ധന ഇടപാടു സംരംഭങ്ങൾ ശരീഅ അനുസൃതമാക്കുക എന്നത് പ്രധാനമാണ്.

### കമ്യൂണിറ്റി ഹോസ്പിറ്റൽ

ഉയർന്ന ചികിത്സാ നിരക്കുകൾ വിദേശ രാജ്യങ്ങളിൽ സമയത്ത് ചികിത്സ നേടാത്തത് പ്രവാസികളുടെ ആരോഗ്യത്തെ സാരമായി ബാധിക്കുന്നുണ്ട്. പരിഹാരമായി സർക്കാർ താത്പര്യമെടുത്ത് നയതന്ത്ര കാര്യാലയങ്ങളുടെ ആഭിമുഖ്യത്തിൽ കമ്യൂണിറ്റി ആശുപത്രി (ഹെൽത്ത് സെന്റർ) തുടങ്ങണം. സ്വകാര്യ ആശുപത്രികൾ, ഡോക്ടർമാരുടെ സംഘടന, സന്നദ്ധ സംഘടനകൾ എന്നിവയുമായി സഹകരിച്ച് ലാഭരഹിത സ്വഭാവത്തിൽ ഇത്തരം അവശ്യ സേവനങ്ങളിലേക്ക് കേന്ദ്ര, സംസ്ഥാന സർക്കാറുകളുടെ ശ്രദ്ധ വരണം.

### പ്രവാസി സമ്മേളനങ്ങൾ

സർക്കാർ വൻ തുക ചെലവിട്ടു നടത്തുന്ന പ്രവാസി ഭാരതീയ ദിവസ്, ആഗോള പ്രവാസി സംഗമം തുടങ്ങിയവ പ്രവാസികളുടെ യഥാർഥ ജീവിതത്തെ

സംബോധന ചെയ്യുന്നതിനും സമൂഹമായി അംഗീകരിച്ച് പദ്ധതികൾ ആവിഷ്കരിച്ച് പിന്തുടരുന്നതിനും പര്യാപ്തമാണെന്ന വിശ്വാസം ആർജിച്ചിട്ടില്ല. നിക്ഷേപാധിഷ്ഠിതമായ സംഗമം എന്ന സന്ദേശമാണ് ഇത്തരം സമ്മേളനങ്ങൾ പ്രസരിപ്പിക്കുന്നത്. ക്രിയാത്മക ഫലം ഉണ്ടാക്കുന്ന രീതിയിൽ വിദേശരാജ്യങ്ങളിൽ ജീവിക്കുന്ന പൗരൻമാരുടെ പാർലിമെന്റുകളായി പ്രവാസി സംഗമങ്ങൾ പരിഗണിക്കപ്പെടണം.

പ്രവാസി സംഗമങ്ങളിൽ പണം നൽകി റജിസ്റ്റർ ചെയ്തു പങ്കെടുക്കുന്നവർ ആരെ പ്രതിനിധാനം ചെയ്യുന്നു എന്നതും പ്രശ്നമാണ്. എല്ലാ വിഭാഗം പ്രവാസികളെയും പ്രതിനിധീകരിക്കാൻ കഴിയുന്ന ഡെലിഗേഷൻ സ്വഭാവം പ്രവാസി സംഗമങ്ങളിൽ കൊണ്ടു വരികയും സംഗമങ്ങളിൽ ഉയർന്നു വരുന്ന ചർച്ചകളും തീരുമാനങ്ങളും പ്രസിദ്ധപ്പെടുത്തി അവയുടെ പിന്തുടർച്ച ഉറപ്പു വരുത്തുകയും വേണ്ടതുണ്ട്. പ്രാവാസി സമൂഹവുമായി ബന്ധപ്പെട്ട ചർച്ചകളും അഭിപ്രായ സമാഹരണവും ലക്ഷ്യം വെച്ച് കേന്ദ്ര, സംസ്ഥാന സർക്കാറുകളുടെ ആഭിമുഖ്യത്തിൽ ഗൾഫ് നാടുകളിലും സംഗമങ്ങൾ വിളിച്ചു ചേർക്കേണ്ടതുണ്ട്.

**എംബസി ഓപൺ ഹൗസുകൾ**

ഇന്ത്യൻ സമൂഹത്തിന്റെ വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതിനും സാമൂഹിക സംഘടനകൾക്ക് വിവിധ വിഷയങ്ങൾ അവതരിപ്പിക്കുന്നതിനും അവസരമൊരുക്കുന്ന ഓപൺ ഹൗസുകൾ സംഘടിപ്പിക്കുന്നതിന് എംബസികൾ സന്നദ്ധമാകണം. ചില രാജ്യങ്ങളിൽ കൃത്യമായി നടന്നു വരുന്ന ഓപൺ ഹൗസുകൾ ഇന്ത്യൻ സമൂഹത്തിന് വലിയ ഫലം ചെയ്യുന്നുണ്ട്. സന്നദ്ധ സംഘടനകളെ എംബസിയുടെ മാനുഷീക പ്രവർത്തനങ്ങളുടെ ഭാഗമാക്കുന്നതിനും സംവിധാനം ഉണ്ടാക്കണം.

**വിമാനയാത്രാ നിരക്ക്**

പൂർവകാലങ്ങളെ അപേക്ഷിച്ച് നാട്ടിലേക്കുള്ള വിമാന യാത്രാ നിരക്കിൽ ഗണ്യമായ കുറവുണ്ടായിട്ടുണ്ട്. സ്വകാര്യ വിദേശ വിമാനക്കമ്പനികൾക്കിടയിൽ നിലനിൽക്കുന്ന മാത്സര്യത്തിന്റെ ഫലവും പ്രവാസി സമൂഹത്തിന് അനുഭവിക്കാൻ കഴിയുന്ന സാഹചര്യം ഗുണപരമായി വിലയിരുത്താം. എന്നാൽ തിരക്കുള്ള സമയങ്ങളിലെ അമിത നിരക്കു വർധനയാണ് ഇപ്പോഴത്തെ പ്രധാന പ്രശ്നം. പീക്ക് പിരീയഡുകളിലെ നിരക്കു വർധനക്ക് മാനദണ്ഡമേർപ്പെടുത്താൻ സർക്കാർ സന്നദ്ധമാകണം. ഇന്ത്യൻ വിമാനങ്ങൾക്ക് ഉയർന്ന നിരക്കിൽ പരിധി നിശ്ചയിക്കുകയും റഗുലേറ്ററി ഏജൻസികളുടെ പ്രവർത്തനം ഏർപെടുത്തുകയും വേണ്ടതുണ്ട്.

**ഇന്റർനാഷൻ ഹബ്/എയർപോർട്ട് സുരക്ഷ**

ഇന്ത്യയിൽ ഏറ്റവുമധികം പ്രവാസികളുള്ള സംസ്ഥാനമായ കേരളത്തിന് രാജ്യാന്തര പദവി നഷ്ടപ്പെടുക എന്നത് അപകടരമായ അവസ്ഥയാണ്. രാഷ്ട്രീയ പ്രാദേശിക വിവേചനത്തിന്റെ ഇരകളാകാൻ എക്കാലത്തും വിധിക്കപ്പെട്ട മലയാളി സമൂഹത്തിന് ദൂരവ്യാപക പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്ന തീരുമാനമാകും



ഇത്. പരിഹരിക്കുന്നതിനായി കേന്ദ്രതലത്തിൽ പ്രവർത്തിക്കുന്ന രാഷ്ട്രീയ നേതൃത്വം ഇടപെടേണ്ടതുണ്ട്.

വിമാനത്താവളങ്ങളുടെ സുരക്ഷയും സൗകര്യവും വളരെ മുഖ്യമാണ്. കരിപ്പൂർ ഉൾപെടെയുള്ള വിമാനത്താവളങ്ങളുടെ സുരക്ഷിതത്വം ഉറപ്പു വരുത്തിക്കൊണ്ടു തന്നെ വികസനം സാധ്യമാക്കണം.

**ഓൺലൈൻ വോട്ടിംഗ്**

വിദേശത്തു ജീവിക്കുന്ന ഇന്ത്യക്കാർക്ക് വോട്ടു ചെയ്യാൻ സൗകര്യമൊരുക്കാൻ ഏതാണ്ട് തീരുമാനമായ സാഹചര്യത്തിൽ ഓൺലൈൻ വോട്ടിംഗ് സൗകര്യം ഏർപെടുത്താൻ സർക്കാർ സന്നദ്ധമാകണം. രിസാല സ്റ്റഡി സർക്കിൾ നടത്തിയ സർവേയിൽ 70 ശമാനത്തിനു മുകളിൽ പ്രവാസികളും പ്രതിദിനം ഓൺലൈൻ ഉപയോഗിക്കുന്നവരാണ്. ശേഷിക്കുന്നവർ അപൂർവമായും ഉപയോഗിക്കുന്നു. മുഴുവൻ പ്രവാസികൾക്കും ലളിതമായി ഉപയോഗിക്കാൻ സാധിക്കുന്ന മാർഗം എന്ന നിലയിൽ ഓൺലൈൻ വോട്ടു രീതിയാണ് ഫലം ചെയ്യുക.

**തടവുകാരുടെ കൈമാറ്റം**

ജയിലിൽ കഴിയുന്ന ഇന്ത്യൻ തടവുകാരുടെ കൈമാറ്റത്തിനു മുഴുവൻ രാജ്യങ്ങളുമായും കരാർ ഉണ്ടാക്കാൻ സർക്കാർ തയ്യാറാകണം. വർഷങ്ങളായി തടവിൽ കഴിയുന്നവർക്ക് കുടുംബാംഗങ്ങളെ വല്ലപ്പോഴും കാണാനുള്ള അവസരമെങ്കിലും ഇതുവഴി സൃഷ്ടിക്കപ്പെടും. തടവു കാലം കഴിഞ്ഞും വിവിധ കാരണങ്ങളാൽ ജയിൽ മോചനം സാധിക്കാത്ത പൗരൻമാരുടെ മോചനവും സർക്കാറുകളുടെ പരിഗണനയിൽ വരേണ്ടതുണ്ട്. തടവിൽ കഴിയുന്ന ഇന്ത്യക്കാരെ പതിവായി സന്ദർശിക്കുന്നതിനും അവർക്ക് അവശ്യസേവനങ്ങൾ ലഭ്യമാക്കുന്നതിനും എംബസികളിൽ സ്ഥിര സംവിധാനം വേണം. ജയിൽ സന്ദർശനത്തിൽ പ്രവാസി സന്നദ്ധ പ്രവർത്തകരെ ഉൾപെടുത്തണം.

**കുടിയേറ്റ നിയമഭേദഗതി**

തൊഴിൽ തേടിയുള്ള വിദേശ കുടിയേറ്റം ഇന്ത്യയിലെ സാമൂഹിക ജീവിതത്തിന്റെ ഭാഗമായി മാറുകയും രാജ്യത്തേക്ക് വിദേശ നിക്ഷേപത്തേക്കാൾ ഉയർന്ന നിരക്കിലുള്ള ധനാഗമനത്തിന് പ്രവാസികൾ അയക്കുന്ന പണം വഴിയൊരുക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ പതിറ്റാണ്ടുകൾ പഴക്കമുള്ള ഇന്ത്യൻ കുടിയേറ്റ നിയമം ഭേദഗതിക്കു വിധേയമാക്കേണ്ടതുണ്ട്. ഇന്ത്യയിൽ നിന്നുള്ള വിദേശ തൊഴിൽ സാഹചര്യം അംഗീകരിച്ചു കൊണ്ടും പൗരൻ എന്ന നിലയിലുള്ള അവകാശങ്ങൾ അംഗീകരിച്ചും കുടിയേറ്റ നിയമം ഭേദഗതിക്കു വിധേയമാക്കേണ്ടതുണ്ട്.